**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2124</u> — <u>06.02.2019 ൽ മറുപടിക്ക്</u>

## മാവേലിക്കര മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

| | ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ആരോഗ്യമേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നിന്നും 5 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനും അധിക തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br><br>മാവേലിക്കര നിയോജക മണ്ഡലത്തിലുൾപ്പെട്ട മാവേലിക്കര ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യന്റെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇതു കൂടാതെ ടി സ്ഥാപനത്തിൽ നടപ്പിലാക്കിയതും ഭരണാനുമതി നൽകിയതുമായ നവീകരണ പ്രവർത്തനങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ മാതൃകാ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മാവേലിക്കര മണ്ഡലത്തിലുൾപ്പെട്ട പാലമേൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും ഇവിടെ ഒരു ഡോക്ടർ,, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്തു. ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 11.36 ലക്ഷം രൂപ അനുവദിച്ച് ഇതിന്റെ തുടർ പ്രവർത്തനങ്ങൾ എൻ.എച്ച്.എം.മുഖേന നടന്നു [illegible]<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മാവേലിക്കര മണ്ഡലത്തിലെ താഴെപ്പറയുന്ന നാല് സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുവാൻ തെരെഞ്ഞെടുത്തിട്ടുണ്ട്.<br><br>1. പി.എച്ച്.സി.വള്ളിക്കുന്നം<br>2. പി.എച്ച്.സി.നൂറനാട് |

| | | | |
|---|---|---|---|
| | | | 3. പി.എച്ച്.സി.തഴക്കര<br>4. പി.എച്ച്.സി.താമരക്കുളം<br>ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം.മുഖേന ഫണ്ട് അനുവദിച്ച് അംഗീകൃത ഏജൻസി മുഖാന്തിരം തുടർനടപടി സ്വീകരിച്ച് വരുന്നു. ഈ സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരെഞ്ഞെടുത്ത പാലമേൽ ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി മേൽ ചൂണ്ടിക്കാട്ടിയിട്ടുള്ള സ്ഥാപനങ്ങളിൽ ഇപ്പോൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മാവേലിക്കര ജില്ലാ ആശുപത്രിയിലെ നിർമ്മാണ/നവീകരണ പ്രവർത്തികൾ

| | | | |
|---|---|---|---|
| 1 | കീമോതെറാപ്പി യൂണിറ്റ് | ₹ 10 ലക്ഷം | പൂർത്തീകരിച്ചു |
| 2 | അത്യാഹിത വിഭാഗത്തിന്റെ പുനരുദ്ധാരണം | ₹ 27.5 ലക്ഷം | പൂർത്തീകരിച്ചു |
| 3 | ഹൈറെസല്യൂഷൻ സോണോഗ്രാം | ₹ 50 ലക്ഷം | പൂർത്തീകരിച്ചു |
| 4 | ജെറിയാട്രിക് ചികിത്സാ സൌകര്യങ്ങൾ. | ₹ 98.25 ലക്ഷം | പൂർത്തീകരിച്ചു |
| 5 | ചുറ്റുമതിൽ | ₹ 40 ലക്ഷം | പൂർത്തീകരിച്ചു |
| 6 | ഡ്രഗ്ഗ് സ്റ്റോർ നവീകരണം | ₹ 15 ലക്ഷം | പൂർത്തീകരിച്ചു |
| 7 | ഡയാലിസിസ് യൂണിറ്റ് | ₹ 1 കോടി | പൂർത്തീകരിച്ചു |
| 8 | മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് സെക്കണ്ടറി പാലിയേറ്റീവ് കെയർ | ₹ 5 ലക്ഷം | പൂർത്തീകരിച്ചു |
| 9 | മാവേലിക്കര ജില്ലാ ആശുപത്രിയിലെ മാലിന്യ സംസ്കരണ പ്ലാന്റ് | ₹ 1590038 | പൂർത്തീകരിച്ചു |
| 10 | മാവേലിക്കര ജില്ലാ ആശുപത്രി ജനകീയ ലാബ് | ₹ 1200000 | പൂർത്തീകരിച്ചു |
| 11 | മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് സെക്കണ്ടറി പാലിയേറ്റീവ് കെയർ | ₹ 347418 | പൂർത്തീകരിച്ചു |
| 12 | മാവേലിക്കര ജില്ലാ ആശുപത്രിയിലെ മാലിന്യ സംസ്കരണ പ്ലാന്റ് | ₹ 500000. | പൂർത്തീകരിച്ചു |
| 13 | ബഹുനില സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടത്തിന്റെ നിർമ്മാണം | ₹126.55 കോടി | ഭരണാനുമതി ലഭിച്ചു |

സെക്ഷൻ ഓഫീസർ